# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 05/09/14

***(09 DHUL-QADDAH 1435 Hijiri)***

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹായ്ക്കും ശേഷം ഹസ്രത്ത് ഖലീഫത്തുല്ലാഹ് പറഞ്ഞു. കഴിഞ്ഞ വെള്ളിയാഴ്ചയിലെ ഖുത്തുബയുടെ തുടർച്ച എന്ന നിലയിൽ, ലോകത്തിന്റെ ഇന്നത്തെ അവസ്ഥ പരിശോധിക്കുമ്പോൾ, ഒരു പ്രവാചകന്റെ ആഗമനത്തെ, അത് ആവശ്യപ്പെടുന്നതായികാണാം. പ്രവാചകന്മാരുമായി ബന്ധപ്പെട്ട വിശ്വാസവും, പ്രകാശവും നമുക്ക് ഇന്ന് എവിടെ കണ്ടെത്തുവാൻ കഴിയും ? പ്രവാചകന്മാരിലൂടെയും, അവരുടെ അനുചരന്മാരിലൂടെയും സാക്ഷ്യം വഹിച്ച ദൈവീക ദൃഷ്ടാന്തങ്ങളും, പ്രതിഭാസങ്ങളും ആർക്ക് കാണിക്കുവാൻ കഴിയും. ? ഓരോ മത ഗ്രന്ഥങ്ങളിലും എഴുതിവച്ചിരിക്കുന്ന കാര്യങ്ങൾ നമുക്ക് കാണാൻ കഴിയും. എന്നാൽ ഇതിന്റെ പ്രവൃത്തി രൂപത്തിലുള്ള മാതൃക നമുക്ക് എവിടെ കണ്ടെത്തുവാൻ കഴിയും ? മൂസ (അ) യുടെ അനുചരന്മാർ ആർജ്ജിച്ചിരുന്ന പ്രവചന കഴിവ് എവിടെ ? ഈസ (അ) യുടെ അനുയായികൾ കാണിച്ച അത്ഭുത അടയാളങ്ങൾ ഇനി കാണിക്കേണ്ടതില്ലേ ? എല്ലാ മത ഗ്രന്ഥങ്ങളും, ജീവിച്ചിരിക്കുന്ന ഒരു ദൈവത്തെക്കുറിച്ച് സംസാരിക്കുന്നു. എന്നാൽ ജീവിച്ചിരിക്കുന്ന, ആ ദൈവം ഇന്നും ജീവിച്ചിരിക്കുന്നുവോ ? **മോസസിന്റെ അനുയായികളോട് യഹോവ തുടർന്നുകൊണ്ടിരുന്ന ബന്ധം തുടരേണ്ടതല്ലേ ? അഥവാ ജീസസ്സിന്റെ അനുയായികളോട് സ്വർഗ്ഗീയ പിതാവ് തുടർന്ന ബന്ധം തുടരേണ്ടതല്ലേ ? അഥവാ മുസ്‌ലീംകളോട് അല്ലാഹു തുടർന്ന ബന്ധം തുടരേണ്ടതല്ലേ ?**

അങ്ങനെ തുടരുന്നില്ലെങ്കിൽ, ഈ മാറ്റത്തിനു എന്ത് ന്യായീകരണമാണ് നമുക്ക് മുന്നോട്ടു വയ്ക്കുവാനുള്ളത്. ? ഈ മാറ്റം ദൈവം വരുത്തിയിട്ടുണ്ടോ ? അതോ മനുഷ്യനാണോ വരുത്തിയത് ? വിവിധ മതഗ്രന്ഥങ്ങൾ പരിശോധനാ വിധേയമാക്കുമ്പോൾ, ദൈവം ഇത്തരത്തിലൊരു മാറ്റം വരുത്തിയതായി, തെളിവുകൾ നല്കുവാൻ കഴിയുകയില്ല. അതിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ, തെറ്റായ നിലയിൽ വ്യാഖ്യാനിച്ച്, ദൈവീക ഇംഗിതത്തെ അട്ടിമറിച്ചിരിക്കുകയാണ്.

ദൈവം തന്റെ ദാസന്മാരോട്, ഈ നിലയിൽ, അഥവാ ആ നിലയിൽ സംസാരിച്ചിട്ടുണ്ട് എന്ന് നമുക്ക് പറയുവാനുള്ള അനുവാദം ഉണ്ട്. ദൈവത്തിന്റെ ബന്ധം ദൈവസദാസന്മാരോട് ഈ നിലയിൽ ആയിരുന്നു. അഥവാ ആ നിലയിൽ ആയിരുന്നു. എന്നാൽ നമുക്ക് തറപ്പിച്ചു പറയുവാൻ കഴിയുകയില്ല, അതായത് ദൈവം ആരോടും സംസാരിച്ചിട്ടേയില്ല. ഒരു മതത്തിന്റെ സത്യത്തെ വിശദീകരിക്കുവാൻ ദൈവം ഒരു അത്ഭുതവും കാട്ടിയിട്ടില്ല എന്നും നമുക്ക് തറപ്പിച്ചു പറയുവാൻ കഴിയുകയില്ല. അഥവാ ഒരു പ്രവാചകന്റെ മേലും ഒരു അത്ഭുതവും ദൈവം നടത്തിയിട്ടില്ല എന്നും നമുക്ക് പറയുവാൻ സാധിക്കുകയില്ല. നമുക്ക് വേണമെങ്കിൽ പറയാം, ദൈവവും അവന്റെ ദാസന്മാരുമായിട്ടുള്ള കഴിഞ്ഞകാല ബന്ധം സാധാരണ രീതിയിൽ നമുക്ക് മനസ്സിലാക്കുവാൻ പ്രയാസമുള്ളതാണ്, അഥവാ അംഗീകരിക്കുവാൻ പ്രയാസമുള്ളതാണ്. വിവിധ മതങ്ങളുടെ ഗ്രന്ഥങ്ങൾ സൂക്ഷ്മപരിശോധന നടത്തുമ്പോൾ, നമുക്ക് സത്യസന്ധമായി തറപ്പിച്ചു പറയുവാൻ കഴിയുകയില്ലാ, അതായത് ദൈവം തന്റെ ദാസന്മാരോട് ബന്ധപ്പെട്ടത്, ലോകത്തിന് വിധിപറയുവാൻ പര്യാപ്തമായ നിലയിലല്ലായെന്ന്. അതായത് ജീവിച്ചിരിക്കുന്ന ഒരു ദൈവം നിലനിൽക്കുന്നു. അവന്റെ ശക്തി പ്രഭാവം അവൻ പ്രകടിപ്പിക്കുന്നു. അവന്റെ കരുണാർദ്രത വെളിവാക്കുന്നു. അവൻ ഇഷ്ടപ്പെടുന്നവരുടെ മേൽ ! അഥവാ അവൻ സ്നേഹിക്കുന്നവരുടെ മേൽ !

വ്യാഖ്യാന വാതിൽ മലർക്കെ തുറന്നിട്ടാൽ, എന്നിട്ട് വിശദീകരിച്ചാൽ, വാക്കുകളെ മാത്രമല്ല, മുൻ വേദഗ്രന്ഥങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പ്രവാചകന്മാരുടെ ജീവിത സംഭവങ്ങൾ, അവരുടെ അനുചരന്മാരുടെ സംഭവങ്ങൾ, അവരുടെ അനുയായികളുടെ സംഭവങ്ങൾ പരിശോധിക്കുമ്പോൾ നാം അംഗീകരക്കുവാൻ നിർബന്ധിതരാകും, വെളിപ്പെടുത്തിയവനു പോലും, താനുദ്ദേശിച്ചതെന്തന്ന് പൂർണ്ണമായി പ്രകടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന്. എന്നാൽ കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇതിന്റെ പേരിൽ ദൈവത്തിന്റെ മേൽ ഒരു ന്യൂനത ആരോപിക്കാവതല്ല. അതുകൊണ്ട് കാര്യങ്ങൾ ഇതുകൊണ്ടൊന്നും തീരുന്നില്ലായെന്ന് നാം അംഗീകരിക്കേണ്ടി വരുന്നു. എല്ലാ മതങ്ങളുടെയും ബോധനങ്ങൾ ഒന്നു തന്നെയായിരുന്നുവെന്ന് നാം പ്രഘോഷിക്കേണ്ടിവരും. ദൈവം തന്റെ അത്ഭുതങ്ങൾ തന്റെ പ്രവാചകന്മാരിലൂടെയും അവരുടെ അനുയായികളിലൂടെയും പ്രകടിപ്പിക്കുകയുണ്ടായി. സുവ്യക്തമായ ദൈവം തന്റെ ദൂതന്മാരോട് പെരുമാറിയിരിക്കുന്നു. അതുമൂലം അവരുടെ വിശ്വാസം ശക്തിപ്പെടുകയും, പൂർണ്ണമാവുകയും ചെയ്തു. മാത്രമല്ല അതിലൂടെ മറ്റുള്ളവരുടെ വിശ്വാത്തെ നവീകരിക്കുവാനും സാധിച്ചു. അങ്ങനെ ജീവിച്ചിരിക്കുന്ന, ശക്തി പ്രഭാവമുളള ഒരു ദൈവത്തെ ലോകത്തിന് അവർ വിശദീകരിച്ചു കൊടുത്തു.

കഴിഞ്ഞ കാലങ്ങളിൽ ഇത് സംഭവിച്ചു എന്നത് സത്യമാണ്. ഈ സത്യങ്ങളുടെ നേരെ കണ്ണടയ്ക്കുവാൻ ആർക്കും സാധ്യമല്ല. പണ്ട് ഇപ്രകാരം നടന്നിരിക്കെ ഇപ്പോൾ എന്തുകൊണ്ട് ഇത് നടക്കുന്നില്ല എന്ന ചോദ്യം തികച്ചും ന്യായമാണ്. കഴിഞ്ഞ കാലങ്ങളിൽ ദൈവം തന്റെ ദാസന്മാരോട് സംസാരിച്ചുവെങ്കിൽ ഇന്ന് എന്തുകൊണ്ട് തന്റെ ദാസന്മാരോട് സംസാരിക്കുന്നില്ല. ? വിഷമസന്ധികളിൽ തന്റെ മാർഗ്ഗ ദർശനം അവൻ നല്കിയിരിക്കെ ഇപ്പോഴത്തെ വിഷമസന്ധികളിൽ അവൻ അപ്രകാരം ചെയ്യാത്തതന്തേ എന്ന് സംശയമുയരാം. എല്ലാ മതങ്ങളും ന്യൂനത ബാധിച്ചതായി കഴിഞ്ഞു. അവയിലൂടെ സത്യം കണ്ടെത്താവതല്ല. അതനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ ഒരു ഫലവും ലഭ്യമാകുന്നതല്ലായെന്നാണോ അർത്ഥമാക്കുന്നത്. ? അതോ ലോകത്ത് സത്യമായ മതം നിലനിൽക്കുന്നു എന്നതിന് സാധ്യതയുണ്ടോ ? എന്നാൽ അതനുസരിച്ച് ആളുകൾ പ്രവർത്തിക്കുന്നില്ല അതുകൊണ്ട് തന്നെ ആത്മീയ പുരോഗതി അവർക്ക് നേടാവതല്ല എന്ന് ഉണ്ടോ ?

ഇതിലെ ഏതു വീക്ഷണം നാം അംഗീകരിച്ചാലും ഒരു ചോദ്യമുയരും. ? അതായത് എന്തുകൊണ്ട് ദൈവം ഒരു പുതിയ മതം വെളിപ്പടുത്തുന്നില്ല.? അങ്ങനെ ഒരു മതം ആവശ്യമുണ്ട് എന്ന് ദൈവം കരുതുന്നുവെങ്കിൽ ! അതല്ല, അവൻ, അവന്റെ മാർഗ്ഗദർശനം നല്കികഴിഞ്ഞിട്ടുണ്ടെങ്കിൽ, അതനുസരിച്ച് ജനങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, ശരിയായ പാതയിൽ അവരെ നയിക്കുവാൻ ഒരാളെ അവൻ എഴുന്നേൽപ്പിക്കാത്തത് എന്തേ ? അങ്ങനെ അവർക്ക് ദൈവവുമായി അടുക്കുവാനുള്ള അവസരമുണ്ടാകും. അങ്ങനെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം നിറവേറുകയും ചെയ്യുന്നതാണല്ലോ.

മനുഷ്യസമുദായം ചിന്താകുഴപ്പത്തിലും, തെറ്റിലും, ആപതിക്കുമ്പോൾ ഇത് കണ്ടുകൊണ്ടിരിക്കുന്ന കരുണാവാരിധിയും സ്നേഹനിധിയുമായ ദൈവം അനങ്ങാതിരിക്കും എന്ന് വിശ്വസിക്കുവാൻ കഴിയുകയില്ല. അവർക്ക് മാർഗ്ഗദർശനത്തിനുള്ള നടപടികൾ തീർച്ചയായും നല്കേണ്ടതല്ലേ ? തീർച്ചയായും ദൈവം ഒരു പിതാവിനെക്കാളും അഥവാ മാതാവിനെക്കാളും കരുണയുളളവനും, അനുകമ്പയുളളവനുമാണ് ! ഒരു മാതാവിനും പിതാവിനും ഒരു കുട്ടിയെ ജനിപ്പിച്ചു എന്ന നിലയിലുളള സ്നേഹമാണുളളത്. എന്നാൽ ദൈവം സൃഷ്ടാവ് മാത്രമല്ല. മറിച്ച് അവൻ, അവന്റെ എല്ലാമാണ്, അവന്റെ നിലനിൽപ്പിന്റെ തന്നെ ലക്ഷ്യം അത് മാത്രമാണ്. രക്ഷകർത്താക്കളും കുട്ടികളും തമ്മിലുളള ബന്ധം താൽക്കാലികമാണ്. എന്നാൽ മനുഷ്യരും ദൈവവും തമ്മിലുളള ബന്ധം അനന്തമാണ്. മാതാപിതാക്കളുടെ കഴിവുകളും, ധനങ്ങളും താൽക്കാലികവും നശിക്കുന്നതുമാണ്. എന്നാൽ അല്ലാഹുവിന്റെ കഴിവുകൾ അനന്തമാണ്. അവന്റെ സമ്പത്തിന് ക്ഷതം തട്ടുന്നതുമല്ല. അവൻ അവന്റെ സൃഷ്ടികളുമായി അത്തരത്തിലാണ് ബന്ധപ്പെട്ടിരിക്കുന്നത് ! അപാരമായ ശക്തി സ്രോതസ്സായ ദൈവം തന്റെ സൃഷ്ടികളെ മറക്കില്ല. അവരുടെ പ്രയാസങ്ങൾ കണ്ടില്ലെന്ന് കരുതില്ല. തന്റെ ദുർബ്ബ

ലരായ സൃഷ്ടികളോട് അവന്റെ കരുണാ കടാക്ഷം കൊണ്ട് അനുഗ്രഹിക്കുന്നു. മനുഷ്യർ കരുണയില്ലാതെ മറ്റുള്ളവരോട് ചെയ്യുന്നതുപോലെ അവൻ ചെയ്യില്ല. അവൻ ആത്മീയ മാർഗ്ഗദർശനം നല്കുന്നു. പുരോഗതി നൽകുന്നു. അന്ധകാരത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കാൻ അനുവദിക്കാതെ അവൻ അന്വേഷകർക്കു പ്രകാശധാര ചൊരിഞ്ഞു കൊടുക്കുന്നു.

ഇതൊരു വലിയ വിഷയമാണ്. ! അടുത്ത വെള്ളിയാഴ്ച ഇൻശാ അല്ലാഹ് ! തുടരുന്നതാണ് ! സർവ്വ ശക്തനായ അല്ലാഹുവിന്റെ അനുഗ്രഹമാണ് പ്രവാചക നിയോഗം. ! അത് നല്ല നിലയിൽ വിശദീകരിക്കു വാൻ അല്ലാഹു (ത) എനിക്ക് തൗഫീഖ് നൽകട്ടെ ! അവന്റെ സൃഷ്ടികളെ നവീകരിക്കുന്നത്, ആത്മീയമായി മാനവനെ സംസ്ക്കരിക്കുന്നത് അങ്ങനെയാണ്. ഇൻശാ അല്ലാഹ് ! ഈ പ്രസംഗം നല്ലപോലെ ഗ്രഹിക്കുവാ നുള്ള കഴിവ് നിങ്ങൾക്ക് എല്ലാപേർക്കും നൽകി അനുഗ്രഹിക്കട്ടെ ! ആമീൻ.


**<u>Translated & Issued By</u>**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************